"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങളിൽ ഓക്സിജൻ ഉപയോഗിക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്

സ.ഉ.(സാധാ) നം.995/2021/ത.സ്വ.ഭ.വ                തീയതി,തിരുവനന്തപുരം, 12/05/2021

---

പരാമർശം:- 1 28.04.2021-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന മീറ്റിങ്ങിലെ തീരുമാനങ്ങൾ

2 03.05.2021-ലെ സ.ഉ.(സാധാ) 944/2021/തസ്വഭാവ നമ്പർ ഉത്തരവ്

3 7.05.2021-ലെ എൽഎസ്ജിഡി വാർ റൂം പ്രതിദിന ഓൺലൈൻ മീറ്റിങ്ങിലെ തീരുമാനങ്ങൾ

4 കില ഡയറക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ട്

ഉത്തരവ്

കോവിഡ് രണ്ടാം വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി പരാമർശം 1 മീറ്റിങ്ങിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി തദ്ദേശ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരാമർശം 3 മീറ്റിംഗിൽ ഓക്സിജൻ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരം കില ഡയറക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി CFLTC, CSLTC തുടങ്ങിയ ഇടങ്ങളിൽ ഓക്സിജൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കോവിഡ് 19 ന്റെ രണ്ടാം തരംഗ കാലത്ത് രോഗത്തെ നേരിടുന്നതിൽ ഓക്സിജൻ ഒരു പ്രധാന ആവശ്യമായി വന്നിരിക്കുകയാണ്. സാധാരണ ഗതിയിൽ ആശുപത്രികളിൽ മാത്രമാണ് ഓക്സിജൻ നൽകാറുള്ളത്. അതിനാവശ്യമായ സംവിധാനങ്ങളും മനുഷ്യ വിഭവ ശേഷിയും അവിടങ്ങളിൽ ലഭ്യവുമാണ്. എന്നാൽ, കോവിഡ് കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായി ആശുപത്രികൾക്ക് വെളിയിൽ CFLTC, CSLTC, DCC തുടങ്ങിയ സംവിധാനങ്ങൾ സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സജ്ജമാക്കിയിട്ടുണ്ട്. ഇവയിൽ ആരോഗ്യ

വകുപ്പിന്റെ നിർദ്ദേശപ്രകാരം ഓക്സിജൻ ലഭ്യമാക്കാനുള്ള നടപടിയും എടുത്തുവരുന്നുണ്ട്. ഇത് കൂടുതൽ വിപുലപ്പെടുത്തുവാനും വ്യാപിപ്പിക്കുവാനും നാം ശ്രമിക്കേണ്ടതുമുണ്ട്.

2. നഴ്സ്, ഡോക്ടർ തുടങ്ങിയവരാണ് സാധാരണ നിലയിൽ ഇത് കൈകാര്യം ചെയ്യാറുള്ളത്. എന്നാൽ, ഇങ്ങനെ ഓക്സിജൻ സംഭരിച്ച സജ്ജീകരിച്ചാലും അത് ഉപയോഗിക്കാൻ സാങ്കേതിക വൈദഗ്ധ്യമുള്ളവരെ എല്ലായിടത്തും ഇപ്പോഴും ലഭ്യമാക്കുക ബുദ്ധിമുട്ടായേക്കാം. എന്നാൽ സാന്ത്വന ചികിത്സ നഴ്സ്, ഇതര പാര മെഡിക്കൽ ജീവനക്കാർ, ആരോഗ്യ പ്രവർത്തകർ മുതലായവരെ പരിശീലിപ്പിച്ച ഈ ബുദ്ധിമുട്ട് പരിഹരിക്കുവാൻ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ആരോഗ്യ വിഭാഗത്തിന്റെ സഹായത്തോടെ ശ്രമിക്കേണ്ടതാണ്.

3. അത്തരം ജോലികളിൽ നിന്നും വിരമിച്ചവരെയും എമ്പ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരെയും ഇതിനായി പരിഗണിക്കാവുന്നതാണ്.

4. ഈ രീതിയിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ആവശ്യത്തിനു പ്രവർത്തകർ ഉണ്ടെന്നു കോർ ടീം ഉറപ്പ് വരുത്തണം.

5. ആരോഗ്യ വിഭാഗം അവർക്ക് പരിശീലനം നൽകാൻ വേണ്ട നടപടികൾ അടിയന്തരമായി എടുക്കണം.

6. ആർക്ക്, എപ്പോഴാണ് ഓക്സിജൻ നൽകേണ്ടത്, എത്ര അളവിൽ, ഫ്ലോ റേറ്റ്, എത്ര നേരം, എങ്ങനെ മോണിറ്റർ ചെയ്യണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കേണ്ടത് ഡോക്ടർ തന്നെ ആയിരിക്കും. ഇതിനായി നേരിട്ടോ ഹെല്പ് ഡെസ്ക് വഴിയോ ടെലി മെഡിസിൻ രീതിയിലോ സേവനം നൽകാൻ കഴിയുന്ന ഡോക്ടർമാരുടെ ടീമിനെ സജ്ജമാക്കണം. ഡോക്ടറുടെ നിര്ദേശ പ്രകാരമല്ലാതെ ഓക്സിജൻ നല്കാൻ പാടുള്ളതല്ല.

7. രോഗിയുടെ സ്ഥിതി മനസ്സിലാക്കാൻ പൾസ് ഓക്സിമീറ്റർ തുടങ്ങിയ ആരോഗ്യ വിഭാഗം നിർദേശിക്കുന്ന ഉപകരണങ്ങൾ ഓരോ കേന്ദ്രത്തിലും ഉണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പ് വരുത്തണം.

8. ഈ ഉപകരണങ്ങളുടെയും ഇതര പരിശോധനാ മാർഗങ്ങളുടെയും സഹായത്തോടെ രോഗിയുടെ വിവരങ്ങൾ ഡോക്ടറെ അറിയിച്ച നിർദേശം വാങ്ങി വേണം രോഗിക്ക് ഓക്സിജൻ നൽകേണ്ടത്. അത് വരെ രോഗിയെ കമഴ്ത്തി കിടത്തി വേണം പരിചരിക്കാൻ. ഇതിനാവശ്യമായ വിശദമായ മാർഗ നിർദേശങ്ങൾ ആരോഗ്യ വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

9. ഓക്സിജൻ സിലിണ്ടറുകളും മറ്റും ഇത്തരം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നതിനു പാലിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതാണ്. അതിനു അനുസൃതമായുള്ള സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തണം.

10. മേൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിൽ കോർ ടീമും ചുമതല നൽകിയിട്ടുള്ള നോഡൽ ഓഫീസർക്ക് / സെക്രട്ടറിക്ക് ആയിരിക്കും ഉത്തരവാദിത്വം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ആരോഗ്യ വകുപ്പ് ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്